പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2787

06.02.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്; വിശദമാക്കാമോ; | (എ) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നിയമപരിഷ്ക്കരണ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) ലേബർ കമ്മീഷണറേറ്റിൽ രൂപീകരിച്ച തൊഴിൽ നിയമ പരിഷ്കരണ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) വിലയിരുത്തിയിട്ടുണ്ട്. നിയമ പരിഷ്കരണ സമിതി കാലഹരണപ്പെട്ട തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠനം നടത്തുകയും ശുപാർശ പരിശോധിക്കുകയും ചെയ്തുവരുന്നു. |
| (സി) എങ്കിൽ പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി)നിയമ പരിഷ്കരണ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് അപ്പോയ്മെന്റ് ലെറ്റർ നൽകുന്നത് സംബന്ധിച്ചും ഹോസ്റ്റൽ സൗകര്യങ്ങൾ, ക്രഷ്, റസ്റ്റ് റൂം എന്നിവ സജ്ജീകരിക്കുന്നതിന് 1970-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ മിനിമം വേജസ് കേരള അമന്റ്മെന്റ് ആക്ട് പ്രകാരം നിയമിക്കുകയുണ്ടായി കൂടാതെ മിനിമം വേതനനിയമപ്രകാരമുള്ള പിഴത്തുക ഉയർത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 1947 ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഭേദഗതി ബിൽ നിയമസഭ അംഗീകരിച്ച് ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. WPS സംവിധാനം |

കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മിനിമം വേതനനിയമത്തിലും പേയ്മെന്റ് ഓഫ് വേജസ് ആക്ടിലും ഭേദഗതി വരുത്തി. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ടെക്സ്റ്റൈൽസുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബില്ലിൽ ജീവനക്കാരുടെ എണ്ണം അനുസരിച്ചല്ലാതെ എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ്) ആക്ട് 1958-ന്റെ ഒരു ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ് എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളിൽ എക്സ് പാർട്ടി ഓർഡർ പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരം നൽകുന്നതിനും അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകുവാൻ ഡോക്ടർമാരെയും മെഡിക്കൽ ബോർഡുകളെയും ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും പുതുതായി കൂട്ടിച്ചേർത്ത് കേരള എംപ്ലോയീസ് കോമ്പൻസേഷൻ നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലും 27.09.2017 തീയതിയിലെ ഇ 3/102/2017/തൊഴിൽ നമ്പർ പ്രകാരമുള്ള പ്രാഥമിക നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിഞ്ജാപനം പേയ്മെന്റ് ഓഫ് വേജസ് ആക്ട് - ന്റെ പരിഗണനയിലാണ്. കൂടാതെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ് ഏറ്റവുമൊടുവിലായി Kerala Ease of compliance to maintain Register under Various Labour Laws, Rules, 2018 സർക്കാരിന്റെ പരിഗണനയിലാണ്

Sreelas.

**സെക്ഷൻ ഓഫീസർ**